# കേരള കാർഷിക സർവകലാശാല
## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
## അമ്പലവയൽ, വയനാട്

മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇമെയിൽ: rarsamb@kau.in/ adramb@kau.in


നമ്പർ ഇ.6121/2025 തീയതി. 23.10.2025

## ക്വട്ടേഷൻ നോട്ടീസ്

ഈ കേന്ദ്രത്തിൽ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം] നടത്താനിരിക്കുന്ന 2026 വർഷത്തെ അന്താരഷ്ട്ര പുഷ്പഫല പ്രദർശനമേള **'പൂപ്പൊലി 2026'** യുടെ ഭാഗമായി പൂപ്പൊലി ഗാർഡൻ മോടിപിടിപ്പിക്കുന്നതിനായി **'ഹൈബ്രിഡ് ബൊഗൈൻ വില്ല'** വിതരണം ചെയ്ത് തരുന്നതിന് ജി. എസ്. റ്റി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ക്വട്ടേഷൻ നമ്പർ | ഇ. 6121/2025 |
| ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതിയും, സമയവും | 04.11.2025, 11.30 am |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | 04.11.2025, 12.00 pm |
| നിരത ദ്രവ്യം (EMD) | Rs. 1000/- |
| ക്വട്ടേഷൻ കാലാവധി | ഒരു വർഷം<br>[ആദ്യ സപ്ലൈ ഓർഡർ തിയതി മുതൽ] |
| ക്വട്ടേഷൻ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,<br>അമ്പലവയൽ, പിൻ-673593 |

<u>വിതരണം ചെയ്യേണ്ട ബൗഗൈൻ വില്ല യുടെ വിവരങ്ങൾ താഴെ ചേർക്കുന്നു</u>

| ക്രമ നം. | ഇനം | രേഖപ്പെടുത്തേണ്ട നിരക്ക് (Rs./per plant) |
|---|---|---|
| 1 | ഹൈബ്രിഡ് ബൗഗൈൻ വില്ല (വിവിധ കളർ) | |

**<u>നിബന്ധനകൾ</u>**

1. ക്വട്ടേഷൻ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് **'പൂപ്പൊലി 2026 - 'ഹൈബ്രിഡ് ബൊഗൈൻ വില്ല' ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ'** എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. ഒരു ചെടിയുടെ ഏറ്റവും ചുരുങ്ങിയ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
3. ക്വട്ടേഷനോടൊപ്പം നിരത്രവ്യം **'അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ'** എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ഓഫീസിൽ നേരിട്ട് അടച്ചോ ക്വട്ടേഷനിൽ പങ്കുകൊള്ളേണ്ടതാണ്.
4. നിർദ്ദിഷ്ട സമയത്തിനുശേഷം ലഭിക്കുന്നതും അപൂർണവുമായ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
5. ക്വട്ടേഷൻ മേൽസൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.
6. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7. നിശ്ചിത തീയതി/ സമയത്തിനു മുൻപായി കിട്ടിയ ക്വട്ടേഷനുകൾ 12.00 മണിക്ക് തന്നെ ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ആവശ്യമെങ്കിൽ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ലേലവും നടത്തുന്നതാണ്.

8. നിരതദ്രവ്യം സമർപ്പിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല..

9. ഏതെങ്കിലും കാരണത്താൽ ഏതെങ്കിലും ക്വട്ടേഷനുകൾ തള്ളിക്കളയുന്നതിനും നിരസിക്കുന്നതിനുമുള്ള അധികാരം ഈ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്. അത്തരം കാര്യങ്ങളിലുള്ള കേന്ദ്രം മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

10. ക്വട്ടേഷൻ ഉറപ്പിച്ച കിട്ടുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് ഈ കേന്ദ്രത്തിൽ നിന്നും അയക്കുന്ന സപ്ലൈ ഓർഡർ തിയതി മുതൽ അടുത്ത ഒരു വർഷത്തേക്കാണ് ഈ ക്വട്ടേഷന്റെ കാലാവധി. നിലവിൽ കണക്കാക്കിയിരിക്കുന്നതിനേക്കാൾ കൂടുതൽ ചെടികൾ ആവശ്യമായി വരുന്നപക്ഷം ക്വട്ടേഷനിൽ പ്രതിപാദിക്കുന്ന നിരക്കിൽ എത്തിച്ച തരേണ്ടതാണ്.

11. ഈ കേന്ദ്രം മേധാവിയുടെയോ, ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെയോ നിർദേശ പ്രകാരം ചെടികൾ ഏർപ്പാടാക്കേണ്ടതാണ്.

12. വിതരണം ചെയ്യുന്ന ചെടികൾ ഏറ്റവും മികച്ച ഗുണനിലവാരവും, കാഴ്ചയിൽ ആകർഷകത്വവും പുലർത്തുന്നവയായിരിക്കണം. കയറ്റിറക്കിലോ യാത്രയിലോ വാടിയതോ ഒടിഞ്ഞു തൂങ്ങിയതോ, മറ്റു കേടുപാടുകൾ സംഭവിച്ചതോ ആയ ചെടികൾ സ്വീകരിക്കുന്നതല്ല.

13. ലഭ്യമാക്കുന്ന ചെടികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഇൻവോയ്സ് തയാറാക്കി സമർപ്പിക്കേണ്ടതാണ്. ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നൽകേണ്ടതായ തുക കണക്കാക്കി അതതു കാലങ്ങളിലുള്ള സർക്കാർ - സർവകലാശാലാ നിർദേശങ്ങൾ പ്രകാരമുള്ള നികുതികൾ ഈടാക്കിയ ശേഷമുള്ള തുക ടെൻഡർ ലഭിക്കുന്നവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. ഈ ആവശ്യത്തിനുള്ള തുക മുൻകൂറായി അനുവദിക്കുന്നതല്ല.

14. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.

15. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം, അതേ സമയം ക്വട്ടേഷൻ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതും ആണ്.

16. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

17. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്
(ഫോൺ: 04936 260421/260561, മൊബൈൽ: 9188224421)

//അസോസിയേറ്റ് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം//

ഒപ്പ്/-
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്: കെ.എ.യു വെബ് സൈറ്റ്
നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്/ അമ്പലവയൽ വില്ലേജ് ഓഫീസ്/ അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ/ ഡോ. ഷജീഷ് ജാൻ പി., അസി. പ്രൊഫസർ

//ഉത്തരവിൻ പ്രകാരം//

സെക്ഷൻ ഓഫീസർ